LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ 9(1) (സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ 45 ബി വകുപ്പുപ്രകാരം നടപടി സ്വീകരിച്ച അണ്ടർ വാല്യുവേഷൻ കേസുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി പൊതുതാൽപര്യാർത്ഥം മുദ്രവില/രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് നൽകിക്കൊണ്ട് 25-8-2012-ലെ ജി.ഒ.(പി)151/2012/നിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നടപ്പാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ കാലാവധി 31-3-2014-ൽ അവസാനിച്ചിട്ടുള്ളതാണ്.

(ബി) ആധാരങ്ങളിൽ വസ്തു വില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ട് 1986 മുതൽ 31-3-2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യു വരുമാനം സമാഹരിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 31-3-2014 വരെ 131111 കേസുകൾ തീർപ്പാക്കിയതിലൂടെ 30.36 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടും നിർദ്ദേശങ്ങളും സർക്കാർ തലത്തിലും വകുപ്പുതലത്തിലും നൽകിയിരുന്നു.

ടെയിനിംഗ് സെന്ററിന്റെ പ്രവർത്തനം

221(1290) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ രജിസ്ട്രേഷൻ വകുപ്പിന്റെ എറണാകുളം ജില്ലയിലെ ടെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

എറണാകുളം ജില്ലയിൽ കൂത്താട്ടുകുളം കേന്ദ്രമാക്കി പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ പ്രഖ്യാപിച്ചിരുന്നു. തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുള്ളതും സർക്കാർ ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതുമാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ 2016 മാർച്ച് 31-നകം പൂർത്തിയാക്കുവാൻ കഴിയുന്ന പ്രവൃത്തികളുടെ വിശദമായ ഷെഡ്യൂൾ തയ്യാറാക്കി അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പൊതുമരാമത്ത് (കെട്ടിടവിഭാഗം) ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ ഒരു മാസമെങ്കിലും സമയം വേണ്ടിവരുമെന്നും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം പണി പൂർത്തീകരിക്കുവാൻ ഈ സാമ്പത്തിക വർഷം കഴിയുകയില്ല എന്നും എന്നാൽ പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നും പൊതുമരാമത്ത് (കെട്ടിടവിഭാഗം) ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

രജിസ്ട്രേഷൻ വകുപ്പിലെ പദ്ധതികൾ

222(1291) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ വർഷത്തെ ബഡ്ജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്ന് ഇതിനകം പിൻവലിച്ച തുകയെത്ര;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനകം പ്രഖ്യാപിച്ചതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഇവയിൽ ഉപേക്ഷിച്ച പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ താഴെ ചേർക്കുന്നു.

2011-12

സബ് രജിസ്ട്രാർ ഓഫീസുകളിലെ ലോക്കൽ ഏരിയ ശൃംഖല വഴി റവന്യൂ ഓഫീസുകളുമായി ബന്ധപ്പെടുത്തി തൽസമയ ഓൺലൈനായി വിവരങ്ങൾ കൈമാറി ഉടൻ തന്നെ പോക്കുവരവ് ചെയ്യാനുള്ള സമ്പ്രദായം നടപ്പിലാക്കും.

LIBRARY ARCHIVES Kerala Legislative Assembly